**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329** **27-07-2021 - ൽ മറുപടിയ്ക്ക്**

**കന്നുകാലികൾക്ക് വാക്സിനേഷൻ നൽകുന്നതിലെ ഉദ്യോഗസ്ഥതല വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയുടെ പല മേഖലകളിലും കുളമ്പ് രോഗം മൂലം കന്നുകാലികൾ വ്യാപകമായി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കണക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ബ്ലോക്ക് തിരിച്ച് വ്യക്തമാക്കാമോ; ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ കുളമ്പുരോഗം മൂലം 250 മൃഗങ്ങൾ മരണപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു. ക്രമനമ്പർ ബ്ലോക്കിന്റെ പേര് എണ്ണം 1 കഞ്ഞിക്കുഴി 16 2 ആര്യാട് 32 3 അമ്പലപ്പുഴ 88 4 ചമ്പക്കുളം 20 5 വെളിയനാട് 35 6 ചെങ്ങന്നൂർ 15 7 ഹരിപ്പാട് 9 8 മുതുകുളം 1 9 മാവേലിക്കര 7 10 ഭരണിക്കാവ് 16 11 ആല്പപുഴ മുൻസിപ്പാലിറ്റി 8 12 ഹരിപ്പാട് മുൻസിപ്പാലിറ്റി 2 13 ചെങ്ങന്നൂർ മുൻസിപ്പാലിറ്റി 1 ആകെ എണ്ണം 250 കന്നുകാലികളെ ബാധിക്കുന്ന മാരകമായ ഒരു രോഗമാണ് കുളമ്പുരോഗം. ഇതിന് ഫലപ്രദമായ പ്രതിവിധി പ്രതിരോധവാക്സിനേഷൻ നടത്തുക എന്നതാണ്. 6 മാസം കൂടുമ്പോൾ വാക്സിനേഷൻ നടത്തേണ്ടതായിട്ടുണ്ട്. ഒന്നാംഘട്ട NADCP വാക്സിനേഷൻ 2020 സെപ്റ്റംബർ മാസം നടന്നതിന് ശേഷം പിന്നീട് വാക്സിനേഷൻ നടന്നിട്ടില്ല. ഇത് മൂലം മൃഗങ്ങൾക്ക് പ്രതിരോധശേഷി കുറഞ്ഞിട്ടുണ്ട്. മാത്രമല്ല മരണപ്പെട്ടതിൽ കൂടുതലും ചെറിയ കിടാവുകളാണ്. ചെറിയ കിടാവുകൾക്ക് ഈ രോഗം ബാധിച്ചാൽ മരണനിരക്ക് കൂടാൻ സാധ്യതയുണ്ട്. |
| (ബി) | കന്നുകാലികൾക്ക് യഥാസമയം വാക്സിനേഷൻ നൽകുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന കർഷകരുടെ പരാതിയിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (ബി) | വാക്സിനേഷൻ നൽകുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടില്ല. ഒന്നാംഘട്ട വാക്സിനേഷനിൽ 85.99% മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിരുന്നു. മാത്രമല്ല കുളമ്പുരോഗം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ കൺടെയ്ൻമെന്റ് വാക്സിനേഷൻ ആരംഭിച്ചിരുന്നു. ഓരോ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിലും രോഗം ബാധിച്ച പഞ്ചായത്തിലും വാക്സിനേഷൻ നടത്തി. ആകെ 23,395 മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്. |
| (സി) | തെരഞ്ഞെടുപ്പിന്റെയും മറ്റും പേര് പറഞ്ഞ് യഥാസമയം വാക്സിനേഷൻ നടത്താതിരുന്ന | (സി) | തെരഞ്ഞെടുപ്പിന്റെയും മറ്റും പേര് പറഞ്ഞ് യഥാസമയം വാക്സിനേഷൻ നടത്താതിരുന്നിട്ടില്ല. |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണവും വകുപ്പുതല നടപടിയും സ്വീകരിക്കുമോ; | | |
| (ഡി) | ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ കുളമ്പ് രോഗത്താൽ മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാമോ? | (ഡി) | കുളമ്പുരോഗം മൂലം മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി 100 കർഷകരുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ച് വരുന്നു. കൂടാതെ കർഷകർക്ക് മരുന്ന് വാങ്ങുന്നതിന് ചെലവായ തുക അനുവദിച്ചു നൽകുന്നതിനായി 127 കർഷകരുടെ ബില്ലുകളും രേഖകളും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ